ആകാശപ്പാത നിർമാണത്തിനു വീണ്ടും ചിറകുമുളയ്ക്കുന്നു

കോട്ടയം: ആകാശപ്പാത നിർമ്മാണത്തിനു വീണ്ടും ചിറകുമുളയ്ക്കുന്നു. ആകാശപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനും, മന്ത്രി സി.പി.ജോണും പങ്കെടുക്കുന്ന ഉന്നതതലയോഗം ഇന്നു മൂന്നിനു നിയമസഭാ കോംപ്ലക്സിൽ വച്ചു നടക്കും.

യോഗത്തിൽ ഗതാഗത വകുപ്പിലെയും പൊതുമരാമത്ത് വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥരും പങ്കെടുക്കും. യു.ഡി.എഫ് സർക്കാർ അധികാരത്തിലെത്തിയ ശേഷം ആകാശപ്പാത സംബന്ധിച്ച നാലാമത്തെ യോഗമാണ് ഇന്നു നടക്കുന്നത്.

സ്പീക്കറുടെ ആവശ്യപ്രകാരം പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗം പുതുക്കിയ രൂപരേഖ തയ്യാറാക്കിയിരുന്നു. മൂന്നുഘട്ടമായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടമായി ആകാശപ്പാതയുടെ റൗണ്ടിന്റെ നിർമാണവും രണ്ടാം ഘട്ടമായി തിരുനക്കര മൈതാനം – ബസ് സ്റ്റാന്റ് വഴി റോഡ് ക്രോസ് ചെയ്തു മുൻസിപ്പൽ ബിൽഡിങ് വഴി റൗണ്ടിൽ എത്തി ബേക്കറി ജങ്ഷൻ വരെ പാത പോകുന്ന രീതിയിലാണു രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. അതനുസരിച്ച് മുനിസിപ്പൽ ബിൽഡിങിനു സമീപമുള്ള ഓപ്പൺ സ്പേസി നടുത്തും സി.എസ്.ഐ കോംപ്ലക്സ് ഭാഗത്തും സ്റ്റെയർകേസും ലിഫ്റ്റും ഉണ്ടാകും. മൂന്നു മാർഗങ്ങളിലൂടെ ആകാശപ്പാതയിലേക്കു പ്രവേശിക്കാൻ സാധിക്കും. രണ്ട് ഘട്ടങ്ങളുടെ നിർമ്മാണം ഒരുമിച്ചു നടത്താനാണു തീരുമാനിച്ചിരിക്കുന്നത്.

പതിനെട്ട് മാസത്തിനകം നിർമാണം പൂർത്തിയാക്കണമെന്നു സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർദേശം നൽകിയിട്ടുണ്ട്.



● പൊൻകുന്നത്ത് ലഹരി മാഫിയയുടെ അക്രമത്തിൽ പരിക്കേറ്റ് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഐ.എൻ.ടി.യു.സി. പ്രവർത്തകരെ റോണി കെ.ബേബി എം.എൽ.എയുടെ നേതൃത്വത്തിൽ നേതാക്കൾ സന്ദർശിക്കുന്നു.

ലഹരി മാഫിയായുടെ മർദനത്തിൽ രണ്ട് പേർക്ക് പരുക്ക്

പൊൻകുന്നം: ലഹരി മാഫിയയുടെ മർദ്ദനത്തിൽ ഐ.എൻ.ടി.യു.സി പ്രവർത്തകർക്ക് പരിക്ക്. രണ്ട് പ്രവർത്തകരെ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സുബിൻ സുനിൽ (31) , ജോമോൻ (35) എന്നിവർക്കാണ് പരുക്ക്. ചിറക്കടവ് പറപ്പള്ളി താഴത്ത് കവലയിൽ വെച്ചായിരുന്നു കഴിഞ്ഞ ദിവസം ആക്രമണം. സംഭവത്തിൽ പൊൻകുന്നം പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. എം.എൽ.എ റോണി കെ. ബേബി ആശുപത്രിയിൽ പരുക്കേറ്റവരെ സന്ദർശിച്ചു. ലഹിരി മാഫിയാക്കെതിരെ കർശന നടപടി ആവശ്യപ്പെട്ട് ചിറക്കടവ് മണ്ഡലം കോൺഗ്രസ് കമ്മിറ്റിയും ഐ.എൻ ടി യു സിയും പൊൻകുന്നം ടൗണിൽ പ്രതിഷേധ പ്രകടനം നടത്തി.

ജില്ലാ എസ്ക്യൂട്ടീവ് അംഗംവും, ഐ.എൻ.ടി.യു.സി ജനറൽ സെക്രട്ടറിയുമായ സനോജ് പനക്കൽ ആദ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം അഭിലാഷ് ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് സേവ്യർ മൂലകുന്ന്, സേതു മാന്താടൻ, രേഖാ ഡോൺ, ശ്യാംബാബു, എം.ആർ.ദാസ് നേതൃത്വം നൽകി.

● കിസ്കോ ബാങ്ക് ജങ്ഷനിലെ

മലിനജലമൊഴുക്കിനും വെള്ളംക്കെട്ടിനും പരിഹാരം

പാലാ: നഗരത്തിലേക്ക് ജലവിതരണം നടത്തുന്ന പുത്തൻപള്ളിക്കുന്നിലെ ടാങ്കുകൾ വൃത്തിയാക്കുമ്പോൾ പുറത്തേക്ക് ഒഴുക്കുന്ന വെള്ളം സുരക്ഷിതമായി നീക്കം ചെയ്യുന്നതിനായി പുതിയ ഓടയുടെ നിർമാണം ആരംഭിച്ചു. നിലവിലുള്ള ഓടയുടെ തകരാറുമൂലം ഒഴുക്ക് തടസപ്പെട്ട് ടൗണിലെ കെട്ടിടങ്ങളിലേക്ക് വെള്ളം കയറുകയും റോഡ് തകരുകയും ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ രൂക്ഷമായ സാഹചര്യത്തിലാണ് പുതിയ ഓട നിർമിക്കുന്നത്.പുത്തൻപള്ളിക്കുന്നിലെ ടാങ്കുകൾ വൃത്തിയാക്കുമ്പോൾ പുറത്തുവരുന്ന വെള്ളം പാലാ ജനറൽ ആശുപത്രിക്ക് സമീപത്തെ ഓടയിലൂടെ മീനച്ചിലാറ്റിൽ എത്തിക്കുകയായിരുന്നു പതിവ്. എന്നാൽ നാലുവർഷം മുൻപ് കിസ്കോ ജങ്ഷന് സമീപം റോഡിനടിയിലൂടെയുള്ള ഓട തകർന്നതിനെ തുടർന്ന് റോഡ് താഴ്ന്നിരുന്നു. തുടർന്ന് റോഡരികിലെ ഓടയിലേക്ക് വെള്ളമെത്തുന്ന രീതിയിൽ പൊതുമരാമത്ത് വകുപ്പ് നിർമാണം നടത്തിയെങ്കിലും പ്രശ്നത്തിന് ശാശ്വത പരിഹാരമായില്ല.



● പാലാ ജനറൽ ആശുപത്രി റോഡിൽ പുതിയ ഓടനിർമിക്കാനായി എത്തിച്ച പൈപ്പുകൾ.

പിന്നീട് കിസ്കോ ബാങ്കിന് സമീപം വീണ്ടും ഒഴുക്ക് തടസപ്പെട്ടതോടെ വെള്ളം സമീപത്തെ കെട്ടിടങ്ങളിലേക്ക് കയറുന്ന സ്ഥിതിയുണ്ടായി. നൂറുകണക്കിന് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും വിവിധ ആവശ്യങ്ങൾക്കായി നഗരത്തിലെത്തുന്നവരും ഇതുമൂലം ദുരിതത്തിലായി. കിഴതടിയൂർ ബാങ്കിലേക്കുള്ള റോഡും പൂർണമായും തകർന്ന നിലയിലായി.

ജനറൽ ആശുപത്രിക്ക് സമീപത്തെ ഹോട്ടലുകളും മറ്റുവ്യാപാരസ്ഥാപനങ്ങളും ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ നിന്നുള്ള മാലിന്യവും മലിനജലവും നഗരത്തിന്റെ ഹൃദയഭാഗത്തേക്ക് ഒഴുകിയെത്തിയതോടെ പ്രദേശം ദുർഗന്ധപൂരിതമായി. വാട്ടർ അതോറിറ്റിയുടെ അനുമതിയോടെ കെട്ടിട ഉടമകൾ ലക്ഷങ്ങൾ ചെലവഴിച്ച് വിവിധ നിർമാണ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും പ്രശ്നത്തിന് പരിഹാരമുണ്ടായില്ല. ഉയർന്ന പ്രദേശങ്ങളിൽനിന്ന് മാലിന്യം ഒഴുകിയെത്തി നിലവിലെ ഓടയിൽ അടിഞ്ഞുകൂടുന്നതാണ് ഒഴുക്ക് തടസ്സപ്പെടാനുള്ള പ്രധാന കാരണമെന്നാണ് നാട്ടുകാർ പറയുന്നത്.

നിലവിലുള്ള വാട്ടർ അതോറിറ്റി ഓട ജനറൽ ആശുപത്രിക്ക് സമീപത്തുനിന്ന് തിരിഞ്ഞ് കിഴതടിയൂർ ബാങ്കിന്റെ ഭാഗത്തേക്കാണ് പോകുന്നത്. ഈ ഭാഗത്തുനിന്ന് ഒഴുക്ക് തിരിച്ചുവിട്ട് ജനറൽ ആശുപത്രി റോഡിനോട് ചേർന്ന് പുതിയ ഓട നിർമിക്കുകയാണ് ഇപ്പോൾ. പൈപ്പുകൾ സ്ഥാപിച്ചാണ് ഓടയുടെ നിർമാണം. വെള്ളം ജനറൽ ആശുപത്രി ജങ്ഷനിലെ പ്രധാന റോഡിലുള്ള ഓടയിലേക്ക് എത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.നാട്ടുകാരുടെ പരാതിയെ തുടർന്ന് ആറുമാസം മുൻപ് സ്ഥലം സന്ദർശിച്ച മന്ത്രി മോൻസ് ജോസഫ് പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പുതിയ ഓട നിർമിക്കാൻ വാട്ടർ അതോറിറ്റിക്ക് നിർദേശം നൽകിയിരുന്നു. ഇതിന്റെ തുടർനടപടിയായാണ് ഇപ്പോൾ നിർമാണം ആരംഭിച്ചിരിക്കുന്നത്.പുതിയ ഓടയുടെ നിർമാണം പൂർത്തിയാകുന്നതോടെ വർഷങ്ങളായി പ്രദേശവാസികളും വ്യാപാരികളും നേരിടുന്ന വെള്ളക്കെട്ടിനും മലിനജല പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്ന പ്രതീക്ഷയിലാണ് നാട്ടുകാർ.



● ഡ്രൈ ഡേ ദിനത്തിൽ നടത്തിയ റെയ്ഡിൽ ചങ്ങനാശേരിയിൽ നിന്ന് എക്സൈസ് സംഘം പിടിച്ചെടുത്ത സാധനങ്ങളും പ്രതി സനീഷ് മോനും.

വൻ ചാരായ വേട്ട; 290 ലിറ്റർ കോടയും 16 ലിറ്റർ വാറ്റുചാരായവും പിടികൂടി

ചങ്ങനാശേരി: ഡ്രൈ ഡേ ദിനത്തിൽ നടത്തിയ റെയ്ഡിൽ ചങ്ങനാശേരിയിൽ വൻ ചാരായ വേട്ട. 290 ലിറ്റർ കോടയും 16 ലിറ്റർ വാറ്റുചാരായവും വാറ്റുപകരണങ്ങളും എക്സൈസ് സംഘം പിടികൂടി.കങ്ങഴ വില്ലേജിൽ കാനം കരയിൽ കണിയാംപറമ്പിൽ വീട്ടിൽ സാബു മകൻ ഇ.കെ സനീഷ് മോൻ (38) എന്നയാളെ പ്രതിയാക്കി കേസെടുത്തു. ഇയാളുടെ വീട്ടിൽ വ്യവസായിക അടിസ്ഥാനത്തിൽ ചാരായം നിർമിച്ചു വിൽപ്പന നടത്തിവരികയായിരുന്നു.

മദ്യഷാപ്പുകൾ അവധിയായ കന്നി 5 ഡ്രൈ ഡേ ദിനത്തോടനുബന്ധിച്ചു നടത്തിയ റെയ്ഡിലാണു പിടികൂടിയത്. ലിറ്ററിന് 800 രൂപ നിരക്കിലാണ് ഇയാൾ ചാരായം വിറ്റിരുന്നത്. മദ്യഷാപ്പുകൾ അവധിയായ ദിവസങ്ങളിൽ വ്യാപകമായി ചാരായ വിൽപ്പന നടത്തിയിരുന്നതായി എക്സൈസ് പറഞ്ഞു. ചങ്ങനാശേരി എക്സൈസ് സർക്കിൾ ഓഫീസിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരായ ബിനോയ് കെ. മാത്യു, എം.നൗഷാദ്, സുരേഷ്.എൽ, സിവിൽ എക്സൈസ് ഓഫീസർമാരായ അഖിൽ എസ്. ശേഖർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ ഷീബ.എ, ഡ്രൈവർ റോഷി വർഗീസ്, കോട്ടയം എക്സൈസ് ഇന്റലിജൻസ് ബ്യൂറോയിലെ അസിസ്റ്റന്റ് ഇൻസ്പെക്ടർ ഉണ്ണികൃഷ്ണൻ എ.എസ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു റെയ്ഡ്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

പീഡനം: 31 വർഷം കഠിന തടവ്



● ഷാബിൻ

ചങ്ങനാശേരി: പ്രായപൂർത്തിയായ അതിജീവിതയേ പീഡിപ്പിച്ച പ്രതിക്ക് 31 വർഷം തടവ് ശിക്ഷയും 82,000 രൂപ പിഴയും ചുമത്തി. കുറിച്ചി വില്ലേജ് ഇത്തിത്താനം പുലിമൂട് ശ്രീകൃഷ്ണ സ്വാമിക്ഷേത്രം ഭാഗത്ത് കാഞ്ഞിരത്തും മൂട്ടിൽ വീട്ടിൽ പി.കെ ഷാബിൻ (27) ആണു പ്രതി.ചിങ്ങവനം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലാണു ചങ്ങനാശേരി ഫാസ്റ്റ് ട്രാക്ക് കോടതി ജഡ്ജ് രഞ്ജിത്ത് കൃഷ്ണൻ ശിക്ഷ വിധിച്ചത്. പിഴ ഒടുക്കാൻ പ്രതി തയ്യാറായില്ലെങ്കിൽ 15 മാസം കൂടുതൽ തടവ് അധികമായി അനുഭവിക്കണം. പിഴത്തുകയിൽ നിന്ന് 41000 രൂപ അതിജീവിതക്കു നൽകാനും ഉത്തരവായി. പ്രോസിക്യൂഷനുവേണ്ടി പബ്ലിക്ക് പ്രോസിക്യൂട്ടർ അഡ്വ. പി.എസ്.മനോജ് ഹാജരായി.

എൻ.എസ്.എസ്. നവതി മേഖലായോഗം

എലിക്കുളം: കോട്ടയം താലൂക്ക് എൻ.എസ്.എസ്.യൂണിയന്റെ നവതിയാഘോഷഭാഗമായി എലിക്കുളം മേഖലായോഗം ഒക്ടോബർ 10-ന് നടത്തും. രാവിലെ 10.30-ന് എലിക്കുളം 332-ാം നമ്പർ എൻ.എസ്.എസ്.കരയോഗ ഓഡിറ്റോറിയത്തിലാണ് യോഗം.

എൽ.ഡി.എഫ്. സ്ഥാനാർഥിയുടെ പര്യടനം നാളെ മുതൽ

ചങ്ങനാശേരി: ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ലാ പഞ്ചായത്ത് തൃക്കൊടിത്താനം ഡിവിഷൻ എൽ.ഡി. എഫ് സ്ഥാനാർഥി മഞ്ജു സുജിത്തിന്റെ തുറന്ന വാഹനത്തിലുള്ള പൊതുപര്യടനം 24, 25 തീയതികളിൽ നടക്കും. 24 ന് വ്യാഴം രാവിലെ 8ന് പറാലിൽ സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം സി. കെ.ശശിധരൻ ഉദ്ഘാടനം ചെയ്യും. വൈകിട്ട് 5 ന് മണികണ്ഠ വയൽ സമാപനം.25 ന് രാവിലെ 8.30 ന് നാലുകോടിയിൽ നിന്നും ആരംഭിക്കുന്ന പര്യടനം മുൻ എം.എൽ.എ സെബാസ്റ്റ്യൻ കുളത്തുങ്കൽ ഉദ്ഘാടനം ചെയ്യും. വൈകിട്ട് 5.50ന് വെങ്കോട്ടയിൽ സമാപനം.

റബർ ടാപ്പിങ് പരിശീലനം പാമ്പാടിയിൽ

പാമ്പാടി : ഈസ്റ്റ് ആർ.പി.എ സിന്റെ ആഭിമുഖ്യത്തിൽറബർ ബോർഡ് ഒക്ടോബർ 5 മുതൽ 15 വരെ ചെന്നംപള്ളിയിൽ സൗജന്യ റബ്ബർ ടാപ്പിങ് പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9495928077 എന്ന ഫോൺ നമ്പറിൽ സെപ്റ്റംബർ 30 വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യണം.

ഗതാഗത നിയന്ത്രണം

കോട്ടയം: വെള്ളൂർ – അയർക്കുന്നം റോഡിൽ കലുങ്ക് പുനരുദ്ധാരണ ജോലികൾ നടക്കുന്നതിനാൽ 24 മുതൽ പവൃത്തികൾ പൂർത്തിയാകുന്നതുവരെ ഈ ഭാഗത്ത് കൂടിയുള്ള വാഹന ഗതാഗതം നിരോധിച്ചതായി പൊതുമരാമത്ത് റോഡ് വിഭാഗം അസിസ്റ്റൻറ് എൻജിനീയർ അറിയിച്ചു.വെള്ളൂർ ഭാഗത്തുനിന്നു വരുന്ന വാഹനങ്ങൾ കുന്നേപ്പീടിക ജംഗ്ഷനിൽനിന്ന് ഇടത്തേയ്ക്കു തിരിഞ്ഞ് കുന്നേപ്പീടിക – വെട്ടിപ്പുടി റോഡിൽ കൂടിയും അരിപ്പറമ്പ് ഭാഗത്തുനിന്നു വരുന്ന വാഹനങ്ങൾ എട്ടാംമൈൽ ഡയറ്റ്പടി റോഡിൽ കൂടി വെട്ടിപ്പുടി ജങ്ഷനിൽ എത്തിയും പോകണം.

പുരസ്ക്കാര സമർപ്പണവും 26ന്

കോട്ടയം: സി.ആർ. ഓമനക്കുട്ടൻ ഫൗണ്ടേഷൻ മൂന്നാം അനുസ്മരണ സമ്മേളനവും നടനും നിർമ്മാതാവുമായ പ്രേംപ്രകാശിന് 25000 രൂപയും ശിൽപ്പവുമടങ്ങുന്ന പുരസ്ക്കാര സമർപ്പണവും 26ന് വൈകിട്ട് 5ന് കെ. പി.എസ്മേനോൻ ഹാളിൽ നടക്കും.സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. മന്ത്രി മോൻസ് ജോസഫ് പ്രേംപ്രകാശിനു പുരസ്ക്കാരം നൽകും. നാട്ടകംസുരേഷ് എം. എൽ.എ, മുൻ മന്ത്രി വി.എൻ.വാസവൻ, നഗരസഭാ ചെയർമാൻ എം.പി സന്തോഷ്കുമാർ, സുരേഷ് കുറുപ്പ്, സംവിധായകൻ ജോഷി മാത്യു, വി.ബി ബിനു,ഫാ. തോമസ് പുതുശേരി,ചിത്രകൃഷ്ണൻകുട്ടി ,ഫൗണ്ടേഷൻ ചെയർമാൻ വി.ജയകുമാർ തുടങ്ങിയവർ പ്രസംഗിക്കും.

ബാഡ്മിന്റൺ ടൂർണ്ണമെന്റ്

പാലാ: എസ്.എം.വൈ.എം. ഭരണങ്ങാനം ഫോറോനായുടെ നേതൃത്വത്തിൽ നടന്ന ബാഡ്മിന്റൺ ടൂർണമെന്റ് പ്ലാശാനാൽ പള്ളി വികാരി ഫാ.മാത്യു പുല്ലുകാലായിൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജോസഫ് താന്നിക്കപ്ലാറ, പ്രസിഡന്റ് സെബാസ്റ്റ്യൻ കളപുരയ്ക്കൽ, രൂപത സിൻഡിക്കേറ്റ് സാം സണ്ണി, പ്ലാശാനാൽ യൂണിറ്റ് പ്രതിനിധി ആൽഫർഡ് എന്നിവർ പ്രസംഗിച്ചു. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

നേത്ര ചികിത്സാ ക്യാമ്പ് നടത്തി

വൈക്കം: ചെമ്പ് ഗ്രാമപഞ്ചായത്ത് പന്ത്രണ്ടാം വാർഡിൽ ഇടപ്പള്ളി ഐ ഫൗണ്ടേഷൻ ആശുപത്രിയുടെ സഹകരണത്തോടെ ക്ലാസ്സിക് ക്ലബ്ബ് ഹാളിൽ സംഘടിപ്പിച്ച നേത്ര ചികിത്സാ ക്യാമ്പ് ജില്ലാ പഞ്ചായത്ത് അംഗം എം.കെ രാജേഷ് ഉദ്ഘാടനം ചെയ്തു.

വാർഡ് മെമ്പർ ദീപു പുരുഷൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ടി.എൻ സിബി, കെ.ബി വിഷ്ണുപ്രിയ, മായാ ബിൻസ് എന്നിവർ പ്രസംഗിച്ചു.

പരിപാടി ഇന്ന്

ഇളങ്ങുളം: ധർമശാസ്താ ക്ഷേത്രത്തിൽ ഭാഗവത സപ്താഹയജ്ഞം അഞ്ചാംദിനം, പാരായണം രാവിലെ 7 മുതൽ, രുക്മിണീസ്വയംവരം 11 ന്. പ്രസാദമൂട്ട് 1.00, സർവൈശര്യപൂജ 5.00, സാമ്പ്രദായിക ഭജന 6.30

പൊൻകുന്നം : സാന്തോം റിട്രീറ്റ് സെന്ററിൽ ആത്മാഭിഷേകധ്യാനവും മധ്യസ്ഥപ്രാർഥനയും ഫാ.ടിജു വർഗീസ് രാവിലെ 9.30

ചിറക്കടവ് : മഹാവിഷ്ണു ക്ഷേത്രത്തിൽ ജന്മനക്ഷത്ര പൂജ 10.00



● ഇടപ്പാടി ആനന്ദഷൺമുഖക്ഷേത്രത്തിൽ ശ്രീനാരായണഗുരുദേവ മഹാസമാധിദിനത്തിൽ മേൽശാന്തി സനീഷ് വൈക്കത്തിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന മഹാസമാധിപൂജാ സമർപ്പണം.



● മിഠായിക്കുന്നം 6009 എസ്.എൻ.ഡി.പി. ശാഖയിൽ നടന്ന ശാന്തിയാത്ര തലയോലപ്പറമ്പ് യൂണിയൻ സെക്രട്ടറി എസ്.ഡി. സുരേഷ് ബാബു ഫ്ളാഗ് ഓഫ് ചെയ്യുന്നു.

കിടങ്ങൂർ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ പുതിയ തുലാഭാരത്തട്ട്

പാലാ: കിടങ്ങൂർ ശ്രീസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ പുതിയ തുലാഭാരത്തട്ട് സമർപ്പിച്ചു. ക്ഷേത്രത്തിൽ ദർശനത്തിനെത്തിയ ചെന്നൈ സ്വദേശികളായ അഖില, സുരേഷ്, നാരായണൻ എന്നിവർ ക്ഷേത്രത്തിലേയ്ക്ക് വഴിപാട് സമർപ്പിക്കാനുള്ള താത്പര്യം അറിയിക്കുകയായിരുന്നു.ക്ഷേത്രത്തിൽ നിലവിലുണ്ടായിരുന്ന 80 വർഷത്തോളം പഴക്കമുള്ള പഴയ തുലാഭാരത്തട്ടിന് പകരം പുതിയത് സമർപ്പിക്കാമെന്ന് ഇവർ ക്ഷേത്രം മാനേജർ രാധാകൃഷ്ണൻ നമ്പൂതിരിയെ അറിയിച്ചു. തുടർന്ന് സ്റ്റെയിൻലെസ് സ്റ്റീലിൽ പിത്തള പൊതിഞ്ഞ തുലാഭാരത്തട്ട് ഇവിടെ നിർമിക്കുകയായിരുന്നു. പുതിയ തുലാഭാരത്തട്ടിലെ ആദ്യ തുലാഭാരം ക്ഷേത്രത്തിൽ നടന്നു. കിടങ്ങൂർ മറ്റക്കാട്ട് വീട്ടിൽ കൃഷ്ണനുണ്ണിയും അഞ്ജന ലക്ഷ്മിയും മകൾ വസുപ്രദ കൃഷ്ണയുമാണ് ആദ്യമായി പുതിയ തട്ടിൽതുലാഭാരം നടത്തിയത്. ശർക്കരയാണ് തുലാഭാരത്തിനായി ഉപയോഗിച്ചത്.

ഉപജില്ലാ ശാസ്ത്രമേള: സംഘാടക സമിതി രൂപീകരിച്ചു

വൈക്കം: ഉപജില്ലാ ശാസ്ത്രമേള ഒക്ടോബർ അഞ്ചിനും ആറിനുമായി വല്ലക സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും.

ഉപജില്ലയിലെ 68 സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികളാണ് ശാസ്ത്രം ഗണിതശാസ്ത്രം സാമൂഹ്യ ശാസ്ത്രം, ഐ.ടി, പ്രവർത്തിപരിചയം തുടങ്ങിയ വിഷയങ്ങളിലെ മത്സരങ്ങളിൽ പങ്കെടുക്കുന്നത്.

3000 പേരുടെ പങ്കാളിത്തമാണ് പ്രതീക്ഷിക്കുന്നത്. മേളയുടെ സംഘാടക സമിതി രൂപീകരണയോഗം കെ.ബിനുമോൻ എം. എൽ.എ ഉദ്ഘാടനം ചെയ്തു. ഉദയനാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജു അധ്യക്ഷത വഹിച്ചു.

സമാധാന കൂട്ടായ്മ

ചങ്ങനാശേരി: ലോക സമാധാന ദിനത്തോടനുബന്ധിച്ചു റേഡിയോ മീഡിയാ വില്ലേജ് സംഘടിപ്പിച്ച സമാധാന കൂട്ടായ്മ ഡിവൈ.എസ്.പി എസ് . ആഷാദ് ഉദ്ഘാടനം ചെയ്തു. മീഡിയാ വില്ലേജ് എക്സിക്കുട്ടീവ് ഡയറക്ടർ ഫാ.ജോഫി പുതുപ്പറമ്പ് അധ്യക്ഷനായിരുന്നു. എക്സ് സർവീസ് ലീഗ് ചങ്ങനാശേരി യൂണിയൻ ഭാരവാഹികളായ ഒ.വി ആന്റണി, ജോസുകുട്ടി വലിയ പറമ്പിൽ, അപ്പച്ചൻ കുട്ടി, വർഗീസ് ടി. ചാമക്കാല, ഫാ.ലിപിൻ തുണ്ടുകളം, പരിമൾ ആന്റണി, വിപിൻ രാജ്, ജോജോ കെ.സി, ലിജോ മത്തായി എന്നിവർ പ്രസംഗിച്ചു.

എൻ.എസ്.എസ്. വാഴൂർ മേഖലാസമ്മേളനം

വാഴൂർ: എൻ.എസ്.എസ്.പൊൻകുന്നം യൂണിയന്റെ നവതി ആഘോഷഭാഗമായി വാഴൂർ മേഖലാസമ്മേളനം 27-ന് നടത്തും. രാവിലെ 10-ന് വാഴൂർ പഞ്ചായത്ത് കമ്യൂണിറ്റിഹാളിൽ യൂണിയൻ പ്രസിഡന്റ് അഡ്വ.എം.എസ്.മോഹൻ ഉദ്ഘാടനം ചെയ്യും. വൈസ്പ്രസിഡന്റ് കെ. പി.മുകുന്ദൻ അധ്യക്ഷത വഹിക്കും. കരയോഗം രജിസ്ട്രാർ ഡോ.കെ. ബി.ജഗദീഷ് മുഖ്യപ്രഭാഷണം നടത്തും. യൂണിയൻ സെക്രട്ടറി പ്രവീൺ ആർ.നായർ, കമ്മിറ്റിയംഗം കെ.എസ്.വിജയകുമാർ എന്നിവർ പ്രസംഗിക്കും.

പ്രതിഷേധം ഇന്ന്

കൂട്ടിക്കൽ : പരിസ്ഥിതി ലോല വിജ്ഞാപനത്തിൽ കൂട്ടിക്കൽ വില്ലേജിനെ പൂർണമായും പരിസ്ഥിതിലോല മേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന കേന്ദ്രസർക്കാർ നടപടിക്കെതിരെ കേരള കോൺഗ്രസ് (എം) കൂട്ടിക്കൽ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് കൂട്ടിക്കൽ ടൗണിൽ പ്രതിഷേധ ധർണ സംഘടിപ്പിക്കും മണ്ഡലം പ്രസിഡന്റ് ബിജോയ് ജോസ് മുണ്ടുപാലത്തിന്റെ അധ്യക്ഷതയിൽ മുൻ എം.എൽ.എ അഡ്വ: സെബാസ്റ്റ്യൻ കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിക്കും

സന്ധി
മാറ്റിവയ്ക്കൽ
നിങ്ങളെ ജീവിതത്തിലേക്ക്
തിരികെ കൊണ്ടുവരുന്നു

SUT PATTOM
Super Specialty Hospital
BR LIFE

ഞങ്ങളുടെ മികവുറ്റ വിദഗ്ദ്ധർ
നിങ്ങൾക്ക് കാര്യങ്ങൾ എളുപ്പമാക്കുന്നു

ഡിപ്പാർട്മെന്റ് ഓഫ് ഓർത്തോപീഡിക്സ്

വിളിയ്ക്കൂ 0471 4077 777

Your health emergency call will be met with SPEEDY HELP from a doctor at your doorstep.

SK HOSPITAL
Touching Human Lives

9645611118
HEAL ON WHEEL

Edappazhanji,
Thiruvananthapuram
Ph: 0471- 2944444, 3022222
E: skhospitals@gmail.com
www.skhospitals.com

MANAPPURAM FINANCE LTD.

CIN: L65910KL1992PLC006623,
Registered Office : W - 4/ 638A, Manappuram House,
P.O. Valapad, Thrissur - 680 567, Kerala, India

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/10/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ഇതിനാൽ അറിയിക്കുന്നു. സ്വർണ്ണാഭരണങ്ങൾ കമ്പനിയിൽ പണയം വയ്ക്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു രജിസ്റ്റേർഡ് പോസ്റ്റായി അയച്ച കത്തുകൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ പോകാതെ ബാക്കിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയിപ്പും നൽകാതെ വരും തീയ്യതികളിൽ ലേലം ചെയ്യുന്നതുമാണ്. ലേലത്തിന്റെ സ്ഥലത്തിലും തീയ്യതിയിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ മുകളിൽ നൽകിയിട്ടുള്ള ലേല തീയ്യതിയിൽ അതാത് ലേല സ്ഥലത്ത് പ്രദർശിപ്പിക്കുന്നതും കമ്പനിയുടെ വെബ്സൈറ്റിൽ ഇടുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതുമല്ല.

പണയങ്ങളുടെ പട്ടിക (ബ്രാഞ്ചിന്റെ പേര് / പണയ നമ്പർ).....

കൊല്ലം, അഞ്ചൽ, 0105250700031599, 2228